**File No.DPI/75/2019-H1**

പൃ.എ.ക.നം:എച്ച് 1/75/2019 /ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 16/01/2019

23-06-2014 ലെ സർക്കാർ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി SSLC പരീക്ഷയെഴുതുന്നതിനു വയസ്സിളവിനുള്ള അപേക്ഷ 2018 സെപ്റ്റംബർ 30 നു ശേഷം സർക്കാരിന് / ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള വിദ്യാലയങ്ങൾ ഏതൊക്കെയാണെന്ന് പരിശോധന നടത്തി അപേക്ഷ ലഭിച്ച തീയതി ഉൾപ്പെടെ പ്രഥമാദ്ധ്യാപകരുടെ ലിസ്റ്റ് അടിയന്തരമായി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി ശേഖരിക്കാനും വീഴ്ച വരുത്തിയ പ്രഥമാദ്ധ്യാപകർക്കെതിരെ നടപടികൾ സ്വീകരിക്കാനും വിദ്യാഭ്യാസ ഉപ ഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

2019-20 അക്കാദമിക വർഷം മുതൽ സെപ്റ്റംബർ 30 നു ശേഷം ലഭിക്കുന്ന വയസ്സിളവിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ലെന്നും, അത്തരത്തിൽ വീഴ്ച വരുത്തുന്ന പ്രഥമാദ്ധ്യാപകർക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും അറിയിക്കുന്നു.

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഈ കത്തുകളുടെ (സർക്കാർ കത്തും പുറത്തെഴുത്ത് കത്തും) പകർപ്പുകൾ എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും നൽകി രസീത് ഓഫീസിൽ സൂക്ഷിക്കേണ്ടതും ഒന്നാം ഖണ്ഡികയിൽ സൂചിപ്പിച്ച പ്രഥമാദ്ധ്യാപകരുടെ ലിസ്റ്റ് ശേഖരിച്ച് അതു വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതുമാണ്.

2019-20 അക്കാദമിക വർഷം മുതൽ ജൂൺ മാസത്തിൽ തന്നെ പത്താം തരത്തിലെ കുട്ടികളുടെ ജനനത്തീയതി പരിശോധിച്ച് SSLC പരീക്ഷയെഴുതുന്നതിനു വയസ്സിളവിനുള്ള അപേക്ഷകൾ സമർപ്പിക്കാൻ പ്രഥമാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

JESSY JOSEPH
ADDITIONAL DIRECTOR(GEN)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)
4) വൈസ് ചെയർമാൻ&എക്സിക്യൂട്ടീവ് ഡയറക്ടർ, KITE, പൂജപ്പുര (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സൂപ്രധാനം

01 JAN 2019

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

നം.ജി1/368/18/പൊവിവ. 27/12/2018,തിരുവനന്തപുരം

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് -എസ്.എസ്.എൽ.സി.2019 -വയസ്സിളവ് അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം-സംബന്ധിച്ച്

സൂചന:- 23.06.2014 ലെ സർക്കുലർ നമ്പർ 30449/ജി1/14/പൊവിവ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 6 മാസത്തിലധികം വയസ്സിളവ് ആവശ്യമായി വരുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ അദ്ധ്യയനവർഷം ആരംഭിച്ച് 4 മാസത്തിനകം പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിയ്ക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി നിരവധി അപേക്ഷകൾ ഈ സമയപരിധി കഴിഞ്ഞതിനു ശേഷവും സർക്കാരിൽ ലഭിച്ച കൊണ്ടിരിക്കുകയാണ്. ആയതിനാൽ വയസ്സിളവിനുള്ള ശുപാർശകൾ അദ്ധ്യയന വർഷം ആരംഭിച്ച് 4 മാസത്തിനകം പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ് എന്ന നിബന്ധന പാലിച്ചിട്ടില്ലാത്ത എല്ലാ അപേക്ഷകളും പരിശോധിച്ച് വീഴ്ചക്ക് ഉത്തരവാദികളെ കണ്ടെത്തി നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

അടുത്ത അക്കാദമിക വർഷത്തിൽ ഇതേ വീഴ്ച ആവർത്തിക്കാതിരിക്കാനുള്ള കർശന നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശവും നൽകുന്നു.

വിശ്വസ്തതയോടെ,
ചിത്ര കെ ദിവാകരൻ
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.